ഫൈനാൻഷ്യൽ കാർപ്പൊറേഷന്റെ ലീഗൽ അഡ്വൈസർ.

21. [3] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഫൈനാൻഷ്യൽ കാർപ്പൊറേഷന്റെ ലീഗൽ അഡ്വൈസറായി ആരെയാണ് നിയമിച്ചിട്ടുള്ളത് ;

(ബി) എന്നാണ് ;

(സി) ഇതിനുള്ള പ്രത്യേക യോഗ്യത എന്താണ് ?

ഉത്തരം.

(എ) ശ്രീ. കളത്തിൽ വേലായുധൻനായർ ബി. എ. ബി. എൽ.

(ബി) 11-5-1955.

(സി) നിയമബിരുദം ബാങ്കു മുതലായ സ്ഥാപനങ്ങളിൽ നിയമോപദേഷ്ടാവായിരുന്നിട്ടുള്ള പരിചയവുമാണ് ഈ ഉദ്യോഗത്തിനുള്ള യോഗ്യതകൾ.

വളം ഡിപ്പോ.

22. [4] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളത്തു സേതുലക്ഷ്മിപുരത്തു ഒരു വളം ഡിപ്പോ സ്ഥാപിക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെന്റ് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായി എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) സേതുലക്ഷ്മിപുരത്തു് ഒരു വളം ഡിപ്പോ ആവശ്യമാണെന്നു കരുതി ആ സ്ഥലത്തു് പ്രവർത്തനം നടത്തുന്ന പാലശേരി ഗ്രാമോദ്ധാരണ സമിതിക്കു ഒരു ഏജൻസി വളം ഡിപ്പോ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കഴിഞ്ഞയാണ്ടിൽ അനുവദിച്ചിട്ടുണ്ടു്. പ്രസ്തുത ഡിപ്പോ ഇപ്പോഴും നടന്നുവരുന്നു. ചേർത്തലയിൽ ഒരു ഗവണ്മെന്റ് വളം ഡിപ്പോയും ഉണ്ടു്.

(ബി) ഉദിക്കുന്നില്ല.

മലം ഡിപ്പോ.

23. [6] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ടൌണിൽ നിന്നും നാലു മൈൽ വടക്കു പടിഞ്ഞാറുള്ള ചെട്ടിയാട് മലം ഡിപ്പോ സമീപവാസികളായ ജനങ്ങളുടെ ആരോഗ്യത്തിനു ബാധകമാണോ ;

LIBRARY ARCHIVES Kerala Legislative Assembly